6638
11/6/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.കെ.പ്രദീപ് കുമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 252/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 30.04.2015.

=====================================================================

പരാമർശം:-

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.02.2012-ലെ ഇ5-6284/12 നമ്പർ നടപടിക്രമങ്ങൾ.
2. 02.04.2012-ൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നൽകിയ ഇ5-6284/12 നമ്പർ കുറ്റപത്രിക.
3. ശ്രീ.കെ.പ്രദീപ് കുമാറിന്റെ 11.04.2012-ലെ പ്രതിവാദ പത്രിക.
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09.05.2012-ലെ ഇ5-6284/12 നമ്പർ ഉത്തരവ്.
5. സ.ഉ.(സാധാ) 296/13/സാ.നീ.വ. തീയതി 21.06.2013.
6. സ.ഉ.(സാധാ) 433/13/സാ.നീ.വ. തീയതി 24.08.2013.
7. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.09.2013-ലെ ഇ5/33606/13 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
8. 28.09.2013-ൽ ശ്രീ.കെ.പ്രദീപ് കുമാറിന് നൽകിയ ഇ5-21/13, ഇ5-6284/12 നമ്പർ കുറ്റപത്രങ്ങൾ.
9. സ.ഉ.(സാധാ) 565/13/സാ.നീ.വ. തീയതി 10.10.2013.
10. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.03.2014-ലെ ഇ5-21/13 നമ്പർ കത്തും, അന്വേഷണ റിപ്പോർട്ടും അതോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ശ്രീ.കെ.പ്രദീപ് കുമാറിന്റെ 28.10.2013-ലെ പ്രതിവാദ പത്രികയും.
11. 21.01.2015-ലെ 11963/എ1/12/സാ.നീ.വ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
12. ശ്രീ.കെ.പ്രദീപ് കുമാറിന്റെ 10.02.2015-ലെ മറുപടി.
13. 31.03.2015-ലെ 11963/എ1/12/സാ.നീ.വ. നമ്പർ കത്ത്.
14. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 27.04.2015-ലെ എ1(1)/2233/15/ജി.ഡബ്ല്യൂ. നമ്പർ കത്ത്.

## ഉത്തരവ്

ശ്രീ.കെ.പ്രദീപ് കുമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോഴിക്കോട് തന്റേടം ജെൻഡർ പാർക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളിൽ സഹകരിക്കാതിരിക്കുകയും, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്തതിനാൽ, പരാമർശം (1) പ്രകാരം സാമൂഹ്യനീതി

വകുപ്പ് ഡയറക്ടർ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (4) പ്രകാരം തീർപ്പു കൽപ്പിക്കുകയും ചെയ്തു. എന്നാൽ വകുപ്പിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ ശിക്ഷണാധികാരി സർക്കാർ ആയതിനാൽ, പരാമർശം (4) പ്രകാരമുള്ള സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമം പരാമർശം (5) പ്രകാരം റദ്ദു ചെയ്യുകയും പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ടിയാന് നൽകിയ കുറ്റപത്രം നിലനിർത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ശ്രീ.കെ.പ്രദീപ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ.രാഘവൻ ഉണ്ണിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.

2. ശ്രീ.കെ.പ്രദീപ് കുമാറിനെതിരെ അച്ചടക്ക നടപടി തുടർന്ന് വരവേ 13.09.2013-ൽ മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും നിയമം 2007 നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ വീഡിയോ കോൺഫറൻസിൽ ടിയാൻ പങ്കെടുക്കാതിരിക്കുകയും ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് പ്രസ്തുത കോൺഫറൻസിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തു. കൂടാതെ ടിയാൻ ജില്ലാ ഭരണകൂടത്തെ അറിയിക്കാതെയും മതിയായ അവധി അപേക്ഷ സമർപ്പിക്കാതെയും ഹെഡ്ക്വാർട്ടേഴ്സ് വിട്ടു പോയതിനാലും, മദ്യപിച്ച് ഓഫീസിൽ ഹാജരായതിനാലും കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ഓണത്തിന് മുന്നോടിയായുള്ള ശമ്പളം, ഉത്സവബത്ത എന്നിവ ടിയാന്റെ അസാന്നിദ്ധ്യം കാരണം മാറി നൽകാൻ കഴിയാതിരുന്നതിനാലും, 2013 ഏപ്രിൽ മുതലുള്ള ഒരു സംസ്ഥാനതല റിവ്യൂ മീറ്റിംഗിലും ടിയാൻ പങ്കെടുക്കുകയോ പകരം മറ്റൊരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയോ ചെയ്യാത്തതിനാലും പരാമർശം (9) പ്രകാരം ടിയാനെ വീണ്ടും സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങളിന്മേലും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുകയും ചെയ്തു. പരാമർശം (10) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതെയുള്ളതുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം ലംഘിച്ചതായി കണ്ടെത്തുകയും ചുവടെ പറയപ്പെടുന്ന കുറ്റം ചെയ്തതായി തെളിയിക്കപ്പെടുകയും ചെയ്തു.

1. 10.07.2012-ന് കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ ആയി ചുമതല ഏറ്റെടുത്തതിനു ശേഷം ഡിസംബർ 12 വരെ ആകെ 18 ആകസ്മിക അവധികൾ എടുത്തിട്ടുള്ളതായും 12.12.2012 മുതൽ 18.12.2012 വരെയും 22.12.2012 മുതൽ 29.12.2012 വരെയും ഹാജർ പുസ്തകത്തിൽ ഒപ്പിടാത്തതായും 24.12.2012-ന് ജില്ലാ കളക്ടർ ഹാജർ പുസ്തകം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് കളക്ടറേറ്റിലേയ്ക്ക് കൊണ്ടു പോകുകയും ടി കാലയളവിൽ ഹാജർ പുസ്തകത്തിൽ കുത്തിട്ട് വയ്ക്കുകയും ചെയ്തു.
2. 07.08.2013-ന് കാസർഗോഡ് ജില്ലാതല റിവ്യൂ മീറ്റിംഗിൽ ശ്രീ.കെ.പ്രദീപ് കുമാർ മദ്യപിച്ച് എത്തുകയും തുടർന്ന് മഹിളാ മന്ദിരത്തിൽ ജില്ലാ കളക്ടറുടെ മീറ്റിംഗിൽ പങ്കെടുക്കാനുണ്ടെന്ന് പറഞ്ഞ് പോയ ടിയാൻ മീറ്റിംഗിൽ പങ്കെടുക്കാതെ തിരിച്ചെത്തിയെങ്കിലും തൊട്ടടുത്ത പ്രോഗ്രാം ഓഫീസറുടെ മുറിയിൽ നടന്ന മീറ്റിംഗിൽ പങ്കെടുക്കാതെയുമിരുന്നു.
3. ജില്ലാ ഭരണാധികാരി എന്ന നിലയിൽ തന്റെ കീഴ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ചുമതലകൾ ടി ജീവനക്കാരെക്കൊണ്ട് നിർവ്വഹിപ്പിക്കുക എന്നത് ടിയാന്റെ ഉത്തരവാദിത്വമായിട്ടും ജീവനക്കാർ കൃത്യവിലോപം കാട്ടുന്ന പക്ഷം ടിയാൻ ആയത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാതിരുന്നു.
4. ടിയാൻ ഇടയ്ക്കിടെ അനധികൃതമമായി ഓഫീസിൽ ഹാജരാകാതിരുന്നിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.
5. ശ്രീ.കെ.പ്രദീപ് കുമാർ മദ്യപിച്ച് ഓഫീസിൽ ഹാജരാകാറുള്ളതായും തെളിയിക്കപ്പെട്ടിട്ടുണ്ട്.

3. മേൽപ്പറഞ്ഞ കുറ്റങ്ങൾ കൃത്യമായി തെളിയിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ടിയാന് കഠിനശിക്ഷയായ 3 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെ തടയുന്നതിനുള്ള താൽക്കാലിക തീരുമാനം സർക്കാർ കൈക്കൊള്ളുകയും പരാമർശം (11) പ്രകാരം ഇക്കാര്യത്തിൽ ശ്രീ.കെ.പ്രദീപ് കുമാറിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസിനെതിരെ ശ്രീ.കെ.പ്രദീപ് കുമാർ പരാമർശം (12) പ്രകാരം സമർപ്പിച്ച മറുപടിയിൽ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളെ ഖണ്ഡിക്കുകയോ, പുതിയ വാദങ്ങൾ സമർപ്പിക്കുകയോ നേരിൽ കേൾക്കാൻ ആവശ്യപ്പെടുകയോ ചെയ്തില്ല. ആയതിനാൽ ടിയാൾക്ക് 'മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെ തടയുകയെന്ന' കഠിന ശിക്ഷ നൽകുകയെന്ന സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തിന്മേൽ പരാമർശം (13) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ

ഉപദേശം ആരായുകയുണ്ടായി. പരാമർശം (14) പ്രകാരം കമ്മീഷൻ സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി അറിയിച്ചു.

4. മേൽ സാഹചര്യത്തിൽ, കെ.സി.എസ്. (സി.സി.&എ) റൂൾസ് 1960 11 (1) (vA) പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീ.കെ.പ്രദീപ്കുമാറിന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെ തടയുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.കെ.പ്രദീപ് കുമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, പാലക്കാട്.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.